കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബജറ്റ് പ്രവൃത്തി- 2024 - 25 - പാലക്കാട്, ഷൊർണ്ണൂർ നെല്ലായ ഗ്രാമപഞ്ചായത്ത്, **'നെല്ലായ പുലക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ** ' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.627/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:- 1) 28.04.2021-ലെ സ.ഉ.(അച്ചടി)നം.67/2021/ധന.

2) 28.04.2025-ലെ സ.ഉ.(സാധാ.)നം.3888/2025/ധന.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.01.2026-ലെ LSGD/PD/36148/2025-EW6-നമ്പർ കത്ത്

ഉത്തരവ്

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ഭരണാനുമതി യില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 1942 ആയി ഉൾപ്പെടുത്തി തദ്ദേസശ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കി 1 കോടി അടങ്കൽ തുകയും 20% പ്രൊവിഷനും അനുവദിച്ച **"നെല്ലായ ഗ്രാമപഞ്ചായത്ത് നെല്ലായ 'പൂലാക്കാട് റോഡ് ബിഎം & ബിസി നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ"** എന്ന പ്രവൃത്തിയുടെ പേര് "**നെല്ലായ പുലക്കാട് അഭിവൃദ്ധിപ്പെടുത്തൽ**" എന്നാക്കി ഭേദഗതി വരുത്തണമെന്ന ബഹു. ഷൊർണ്ണൂർ എം.എൽ.എ - യുടെ ആവശ്യം പരിശോധിച്ച് പരാമർശം (2) പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിരുന്നു. ടി പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി, 20 ലക്ഷം രൂപ (20% തുക) വകയിരുത്തിയിട്ടുള്ളതിനാൽ P.M.C. വ്യവസ്ഥയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ സെന്റേജ് നിരക്കായ 5 % രേഖപ്പെടുത്തിയ M/S KEL ,മാമല ,കൊച്ചി തയ്യാറാക്കി സമർപ്പിച്ച D.P.R. & Price Software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന **"നെല്ലായ പുലക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ"** എന്ന പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക **5.2 & 6** എന്നിവ പ്രകാരവുമുള്ള വ്യവസ്ഥകൾ പാലിച്ചിരിയ്ക്കേണ്ടതാണെന്നും, അംഗീകൃത ഏജൻസിക്ക് നൽകേണ്ട സെന്റേജ് ചാർജ് സംബന്ധിച്ച് ടി ഉത്തരവിലെ ഖണ്ഡിക 7 പ്രകാരവും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന നിബന്ധനയോടെ ടി പ്രവൃത്തിക്ക് **100 ലക്ഷം രൂപയുടെ (നൂറ് ലക്ഷം രൂപയുടെ)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3421712/DEV-3/69/2026-Fin dated 06.03.2026) (AS/LGD/25/49578)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/396/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 08-03-2026 15:27:19